**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 69** **01-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ഐ.റ്റി. കമ്പനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 മുതൽ പുതുതായി എത്ര ഐ.റ്റി. കമ്പനികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021 മുതൽ തിരുവനന്തപുരം ടെക്നോപാർക്കിൽ 82-ഉം, കൊച്ചി ഇൻഫോപാർക്കിൽ 171-ഉം, കോഴിക്കോട് സൈബർപാർക്കിൽ 28-ഉം ഉൾപ്പെടെ മൊത്തം 281 ഐ. ടി. കമ്പനികൾ പുതുതായി ആരംഭിക്കുകയുണ്ടായി. |
| (ബി) | ഐ.റ്റി. മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ഐ. ടി. മേഖലയിൽ കൂടുതൽ നിക്ഷേപം ആർജ്ജിക്കുന്നതിനു വേണ്ടി ഐ.ടി/ഐ.ടി.ഇ.എസ് മേഖലകളിലെ 20- ഓളം വൻകിട കമ്പനികളെയും, ദേശീയ - അന്തർദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന ബി.പി.ഒ ഉൾപ്പെടെയുള്ള പ്രമുഖ ഐ.ടി കമ്പനികളെയും കേരളത്തിലേക്ക് ആകർക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>സർക്കാർ പങ്കാളിത്വത്തോടുകൂടി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജൈറ്റെക്സ്, സിബിറ്റ് എന്നിവ ഉൾപ്പെടെയുള്ള ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ഐ.ടി മേളകൾ, സെമിനാറുകൾ, കോൺഫെറൻസുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിനും, കേരളത്തിലെ ഐ.ടി/ ഐ.ടി.ഇ.എസ് മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ തുടങ്ങിയവ മനസ്സിലാക്കികൊടുക്കുക വഴി കൂടുതൽ തദ്ദേശ/വിദേശ നിക്ഷേപങ്ങൾ കേരളത്തിലേക്കാകർഷിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ സർക്കാരിന്റെ ഹൈ പവർ ഐ.ടി കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിൽവച്ച് അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനങ്ങൾ സംഘടിപ്പിക്കാറുണ്ട് |

| | | | |
|---|---|---|---|
| | | | കൂടാതെ സംസ്ഥാനത്ത് ഐ.ടി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും, ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും, ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരു പോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ